LIBRARY ARCHIVES Kerala Legislative Assembly

ഡ്രഗ്സ് കൺട്രോൾ, മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ മുഖേന വാങ്ങിയ ഉപകരണങ്ങളുടെ പ്രവർത്തനക്ഷമത

153 (818) ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഡ്രഗ്സ് കൺട്രോൾ മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ മുഖേന വാങ്ങിയ ഉപകരണങ്ങളെല്ലാം പ്രവർത്തനക്ഷമമാണോ ; അഡ്മിനിസ്ട്രേറ്റീവ് അനുമതി ലഭിച്ച മുഴുവൻ ഉപകരണങ്ങളും അവർ വിതരണം ചെയ്തിട്ടുണ്ടോ ;

(ബി) 2013, 2014 എന്നീ വർഷങ്ങളിൽ ആകെ എത്ര മരുന്നു സാമ്പിളുകൾ ഗുണനിലവാരമില്ലാത്തതായി കണ്ടെത്തിയിട്ടുണ്ട് ; ഇവയിൽ എത്ര പ്രോസിക്യൂഷൻ എടുത്തിട്ടുണ്ട് ;

(സി) സംസ്ഥാനത്ത് മരുന്നു പരിശോധനക്കായി എത്ര പുതിയ ലാബുകൾ ആരംഭിച്ചിട്ടുണ്ട് ?

ഉത്തരം

(എ) കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ മുഖേന വാങ്ങിയ യന്ത്രോപകരണങ്ങളെല്ലാം പ്രവർത്തനക്ഷമമാണ്. ഡ്രഗ്സ് കൺട്രോൾ വകുപ്പിൽ നിന്നു 2012-13, 2013-14 എന്നീ സാമ്പത്തിക വർഷങ്ങളിൽ രണ്ട് ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറികളിലേയ്ക്കായി യന്ത്രോപകരണങ്ങൾ വാങ്ങുന്നതിനായി ഭരണാനുമതി ലഭിച്ച 6,30,30,000 രൂപ കേരളാ മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് കൈമാറിയിരുന്നു. അതിൽ 4,95,63,371 രൂപയുടെ യന്ത്രോപകരണങ്ങൾ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ വിതരണം ചെയ്തിട്ടുണ്ട്. ബാക്കി ഉപകരണങ്ങൾ വാങ്ങുവാനുള്ള നടപടികൾ പൂർത്തീകരിക്കുവാൻ കേരളാ മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(ബി) 2013 വർഷത്തിൽ 190 മരുന്നു സാമ്പിളുകളും 2014 വർഷം 126 മരുന്നു സാമ്പിളുകളും ഗുണനിലവാരമില്ലാത്തതായി കണ്ടെത്തിയിട്ടുണ്ട്. ഇവയിൽ 2013-ൽ 21 മരുന്ന് ഉൽപ്പാദകർക്കെതിരെയും 2014-ൽ 29 മരുന്ന് ഉൽപ്പാദകർക്കെതിരെയും പ്രോസിക്യൂഷൻ ആരംഭിച്ചിട്ടുണ്ട്.

(സി) തിരുവനന്തപുരത്ത് പ്രവർത്തിക്കുന്ന ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറിയും അടുത്ത കാലത്തായി എറണാകുളത്ത് പ്രവർത്തനമാരംഭിച്ച റീജിയണൽ ഡ്രഗ്സ്

ടെസ്റ്റിംഗ് ലബോറട്ടറിയുമാണ് മരുന്നുകളുടെ ഗുണനിലവാര പരിശോധനയ്ക്കായി ഡ്രഗ്സ് കൺട്രോൾ വകുപ്പിന് കീഴിലുള്ളത്. കോഴിക്കോട്, തൃശ്ശൂർ, കോന്നി എന്നിവിടങ്ങളിൽ മരുന്ന് പരിശോധന ലബോറട്ടറികൾ സ്ഥാപിക്കുന്നതിനായി പ്രാഥമിക നടപടികൾ ആരംഭിച്ചിട്ടുണ്ട്.

ഡ്രഗ്സ് ഇൻസ്പെക്ടർമാർ

154 (819) ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഡ്രഗ്സ് ഇൻസ്പെക്ടർമാരുടെ പി.എസ്.സി. ലിസ്റ്റ് നിലവിലുണ്ടോ ; ഉണ്ടെങ്കിൽ പ്രസ്തുത ലിസ്റ്റിന്റെ കാലാവധി എന്ന് അവസാനിക്കുമെന്ന് വ്യക്തമാക്കാമോ ; ഈ തസ്തികയിൽ നിലവിൽ എത്ര ഒഴിവുകളുണ്ടെന്നറിയിക്കുമോ ;

(ബി) പുതിയ ലിസ്റ്റ് തയ്യാറാക്കാൻ നടപടി സ്വീകരിക്കുമോ ;

(സി) ഡ്രഗ്സ് കൺട്രോളറുടെ കീഴിൽ എൻ.ടി. കേഡറിൽ എത്ര അനലിസ്റ്റുകളുടെ ഒഴിവുകളുണ്ട് ; അനലിസ്റ്റുകളുടെ അഭാവം കാരണം ലാബുകളിൽ വരുന്ന സാമ്പിളുകൾ യഥാസമയം പരിശോധിക്കാനും നടപടി സ്വീകരിക്കുവാനും കഴിയാത്ത അവസ്ഥ നിലവിലുണ്ടോ ; പ്രതിവർഷം എത്ര സാമ്പിളുകൾ ലഭിക്കുന്നുണ്ടെന്നും എത്ര സാമ്പിളുകൾ പരിശോധിക്കാതെ കെട്ടിക്കിടക്കുന്നുണ്ടെന്നും വ്യക്തമാക്കാമോ ;

(ഡി) അനലിസ്റ്റുകളുടെ ഒഴിവ് നികത്താൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഡ്രഗ്സ് ഇൻസ്പെക്ടർമാരുടെ പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിൽ ഇല്ല. ഈ തസ്തികയിൽ നിലവിൽ ഒഴിവുകൾ ഇല്ല.

(ബി) ഒഴിവുകൾ വരുന്ന മുറയ്ക്ക് പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതാണ്. പുതിയ ലിസ്റ്റ് തയ്യാറാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടത് കേരള പബ്ലിക് സർവ്വീസ് കമ്മീഷനാണ്.

(സി) എൻ.ടി. കേഡറിൽ അനലിസ്റ്റിന്റെ ഒരു ഒഴിവ് ഉണ്ട്. സാമ്പിളുകൾ യഥാസമയം പരിശോധിക്കാനും നടപടി സ്വീകരിക്കുവാനും കഴിയാത്ത അവസ്ഥ നിലവിൽ ഇല്ല. തിരുവനന്തപുരം ഡ്രഗ്സ് ടെസ്റ്റിംഗ് ലാബിൽ 2013-ൽ 4609 സാമ്പിളുകളും 2014-ൽ 2620 സാമ്പിളുകളും 2015 നാളിതുവരെ 1059 സാമ്പിളുകളും ലഭിച്ചിട്ടുണ്ട്. അതിൽ 6-6-2015 വരെ 548 സാമ്പിളുകൾ പരിശോധിക്കുവാനുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly